**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3054** **25-06-2024 - ൽ മറുപടിയ്ക്ക്**

**വനിത മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകളെ സ്വകാര്യ ധനമിടപാടുകാരുടേയും കൊള്ളപ്പലിശക്കാരുടേയും ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശ്യത്തോടെ സാഫ് മുഖേന ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പ് (J LG) പദ്ധതി നടപ്പിലാക്കി വരുന്നു. 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാണ് ടി പദ്ധതിയിലൂടെ ആരംഭിച്ചിരിക്കുന്നത്. ഈ പദ്ധതിയിലൂടെ പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10000/-രൂപ വീതം (ഒരു ഗ്രൂപ്പിന് 50000/- രൂപ) വരെ പലിശരഹിത റിവോൾവിംഗ് ഫണ്ട് നൽകുന്നു. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ടി യൂണിറ്റുകൾക്ക് വീണ്ടും ഫണ്ട് ലഭിക്കും എന്നതിനാൽ പ്രവർത്തനമൂലധനത്തിന്റെ ലഭ്യത നീണ്ടകാലത്തേയ്ക്ക് ഉറപ്പ് വരുത്തുവാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നു. റിവോൾവിംഗ് ഫണ്ട് തിരിച്ചടച്ച യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ (ഒരംഗത്തിന് 20000 രൂപ) വരെ തുടർ ഘട്ടങ്ങളിൽ അനുവദിക്കുന്നു. 1050 ജെഎൽജി യൂണിറ്റുകളിലായി 5250 മത്സ്യത്തൊഴിലാളി വനിതകൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2024-25 സാമ്പത്തികവർഷത്തിൽ 200 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 40 ജെഎൽജി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>മത്സ്യഫെഡ് മുഖേന പലിശ രഹിത വായ്പാ പദ്ധതി, മൈക്രോ ഫിനാൻസ് വായ്പാ പദ്ധതി, ടേം വായ്പാ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. ദേശീയ |

| | | | |
|---|---|---|---|
| | | | ധനകാര്യ സ്ഥാപനങ്ങളായ എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നിവയിൽ നിന്നും ടി പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ വായ്പ തുക കണ്ടെത്തുന്നു. |
| (ബി) | അതിൽ ദേശീയ ധനകാര്യ വികസന കോർപ്പറേഷനുകളുടെ (എൻ.ബി.സി.എഫ്.ഡി.സി./ എൻ.എം.ഡി.എഫ്.സി.) സഹായത്തോടുകൂടിയുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) | മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശ്യത്തോടെ സാഫ് മുഖേന ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പ് (J LG) പദ്ധതി നടപ്പിലാക്കി വരുന്നു. 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാണ് ടി പദ്ധതിയിലൂടെ ആരംഭിച്ചിരിക്കുന്നത്. ഈ പദ്ധതിയിലൂടെ പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10000/-രൂപ വീതം (ഒരു ഗ്രൂപ്പിന് 50000/- രൂപ) വരെ പലിശരഹിത റിവോൾവിംഗ് ഫണ്ട് നൽകുന്നു. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ടി യൂണിറ്റുകൾക്ക് വീണ്ടും ഫണ്ട് ലഭിക്കും എന്നതിനാൽ പ്രവർത്തനമൂലധനത്തിന്റെ ലഭ്യത നീണ്ടകാലത്തേയ്ക്ക് ഉറപ്പ് വരുത്തുവാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നു. റിവോൾവിംഗ് ഫണ്ട് തിരിച്ചടച്ച യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ (ഒരംഗത്തിന് 20000 രൂപ) വരെ തുടർ ഘട്ടങ്ങളിൽ അനുവദിക്കുന്നു. 1050 ജെഎൽജി യൂണിറ്റുകളിലായി 5250 മത്സ്യത്തൊഴിലാളി വനിതകൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2024-25 സാമ്പത്തികവർഷത്തിൽ 200 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 40 ജെഎൽജി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>മത്സ്യഫെഡ് മുഖേന പലിശ രഹിത വായ്പാ പദ്ധതി, മൈക്രോ ഫിനാൻസ് വായ്പാ പദ്ധതി, ടേം വായ്പാ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. ദേശീയ ധനകാര്യ സ്ഥാപനങ്ങളായ എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നിവയിൽ നിന്നും ടി പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ വായ്പ തുക കണ്ടെത്തുന്നു. |
| (സി) | മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ നിന്നും മത്സ്യം നേരിട്ട് മത്സ്യഫെഡ് സംഭരിക്കുന്നത് വഴി മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് മെച്ചപ്പെട്ട വില | (സി) | ഉണ്ട്. ഇടനിലക്കാരില്ലാതെ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ നിന്നും മത്സ്യം നേരിട്ട് മത്സ്യഫെഡ് സംഭരിക്കുന്നത് വഴി മത്സ്യത്തൊഴിലാളികൾക്ക് ന്യായമായ വില ലഭിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | ലഭ്യമാക്കുന്നതിനുള്ള സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ